(iii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

ഇരിഞ്ഞാലക്കുട ഭവനനിർമ്മാണ പദ്ധതി

1260 [2253] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരിഞ്ഞാലക്കുട ഭവനനിർമ്മാണ പദ്ധതിയുടെ രണ്ടാംഘട്ടത്തിനുള്ള സ്ഥലമെടുപ്പ് നടപടികളും ത്വരിതപ്പെടുത്തി കഴിയുന്നത്ര വേഗത്തിൽ അപേക്ഷകർക്ക് വീടുകളും ലഭ്യമാക്കാൻ നടപടികളും സ്വീകരിക്കുമോ?

ഉത്തരം

ഇരിഞ്ഞാലക്കുട എക്സ്റ്റൻഷൻ ഭവനനിർമ്മാണ പദ്ധതിയുടെ സ്ഥലമെടുപ്പ് നടപടി അവാർഡ് ഘട്ടത്തിലാണ്. 24-9-1986-ന് മുൻപ് അവാർഡ് പാസ്സാക്കി സ്ഥലം ഏറ്റെടുക്കാൻ വേണ്ട നടപടികളും എടുത്തിട്ടുണ്ട്.

ഭൂപരിഷ്ക്കരണ നിയമം

1261 [2255] ശ്രീ. പി. സീതിഹാജി:
,, എ. വി. അബ്ദുറഹിമാൻഹാജി:
,, കൊരമ്പയിൽ അഹമ്മദ്ഹാജി:
,, പി. എം. അബൂബക്കർ:
,, പി. കെ. കുഞ്ഞാലിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്ക്കരണനിയമം നടപ്പിലാക്കിയശേഷം നാളിതുവരെ എത്ര ഏക്കർ മിച്ചഭൂമിയായി പ്രഖ്യാപിച്ചിട്ടുണ്ട്;

(ബി) ഇതിന്റെ ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഭൂപരിഷ്ക്കരണം നടപ്പിലാക്കിയശേഷം നാളിതുവരെ 1,23,237 ഏക്കർ മിച്ചഭൂമിയായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

ജില്ല	പ്രഖ്യാപിച്ച ഭൂമി (ഏക്കർ)
തിരുവനന്തപുരം	1,693
കൊല്ലം	2,512
പത്തനംതിട്ട	281
ആലപ്പുഴ	7,123
കോട്ടയം	4,379
ഇടുക്കി	8,108
എറണാകുളം	2,584
തൃശ്ശൂർ	5,216
പാലക്കാട്	22,218
മലപ്പുറം	13,461
കോഴിക്കോട്	4,953
വയനാട്	8,750
കണ്ണൂർ	23,557
കാസർകോഡ്	18,402
ആകെ	1,23,237

LIBRARY ARCHIVES Kerala Legislative Assembly